**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 261** **29-10-2026-ൽ മറുപടിയ്ക്ക്**

**പുതുക്കിയ ലാൻഡ് മാനേജ്മെന്റ് നയം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. കെ. രാജൻ

ശ്രീമതി ഗീതാ ഗോപി

ശ്രീ. ജി. ആർ. അനിൽ

ശ്രീ. സി. അജയപ്രസാദ്

**മറുപടി നൽകിയ മന്ത്രി**

ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** വ്യാവസായിക അടിസ്ഥാന സൗകര്യ വികസനം ഉറപ്പാക്കുന്നതിന് തടസ്സമായി നിൽക്കുന്ന ഭൂമിയുടെ ലഭ്യത കുറവ് പരിഹരിക്കുന്നതിന് ലാൻഡ് മാനേജ്മെന്റ് നയം പരിഷ്കരിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

**മറുപടി:** ഭൂമിയുടെ രൂക്ഷമായ ദൗർലഭ്യം, ഭൂമി സമാഹരണത്തിലെ പരിമിതികൾ തുടങ്ങിയവ കേരളത്തിന്റെ വ്യാവസായിക അടിസ്ഥാന സൗകര്യ വികസനത്തിന് തടസ്സങ്ങൾ സൃഷ്ടിക്കുന്നുണ്ട്. സമ്പദ് വ്യവസ്ഥയെ പരിവർത്തനം ചെയ്യാൻ കഴിയുന്ന പദ്ധതികൾക്കായി നിക്ഷേപകർ ഭൂമി തേടുമ്പോൾ പോലും വിശാലമായ ഭൂമി ഉപയോഗിക്കപ്പെടാതെ കിടക്കുന്ന അവസ്ഥയുമുണ്ട്. ഈ ഘടനാപരമായ വെല്ലുവിളികളെ അഭിസംബോധന ചെയ്യുന്നതിനായി 2026-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞത് പ്രകാരം റവന്യൂ വകുപ്പ് കൈകാര്യം ചെയ്യുന്ന നിയമങ്ങളുമായി ബന്ധപ്പെട്ട് സമഗ്രമായ ലാന്റ് മാനേജ്മെന്റ് നയം രൂപീകരിക്കുന്ന കാര്യം പരിഗണനയിലാണ്.

**(ബി)** ഇതിന്റെ ഭാഗമായി സർക്കാർ വകുപ്പുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും അധീനതയിലുള്ള ഭൂമി സ്വകാര്യമേഖലയ്ക്ക് കൈമാറുന്നതിന് സാധ്യതയുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** വിവിധ സർക്കാർ വകുപ്പുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും അധീനതയിലുള്ള ഭൂമി സർക്കാർ ഉടമസ്ഥതയിൽ തന്നെ നിലനിർത്തിക്കൊണ്ട് വ്യവസായ അടിസ്ഥാന സൗകര്യ വികസനത്തിനായി കൈമാറുന്നതിനുള്ള സാധ്യതകൾ പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ